പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2801     10.07.2015 - ൽ മറുപടിയ്ക്ക്

# കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാധാകൃഷ്ണൻ<br>ശ്രീ.എം. ചന്ദ്രൻ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

<table>
<tr><td>(എ)</td><td>സാമൂഹ്യക്ഷേമ പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ വിഹിതം കുറച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;</td><td>(എ)</td><td>സാമൂഹ്യക്ഷേമ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ വിഹിതം കുറച്ചത് സംബന്ധമായ അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.</td></tr>
<tr><td>(ബി)</td><td>കേന്ദ്ര സർക്കാർ വിഹിതം കുറച്ചതിന്റെ തുടർച്ചയായി ഏതെങ്കിലും ക്ഷേമ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ കുറവ് നികത്തി കൊടുത്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;</td><td>(ബി)</td><td>ഇല്ല.</td></tr>
<tr><td>(സി)</td><td>കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ ഏതൊക്കെയാണ് ; പദ്ധതികളും കേന്ദ്ര വിഹിതവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?</td><td>(സി)</td><td>കേന്ദ്ര സഹായത്തോടെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. <u>സാമൂഹ്യ നീതി വകുപ്പ്</u>
<table>
<tr><td>നം</td><td>പദ്ധതി</td><td>കേന്ദ്ര സംസ്ഥാന വിഹിതം (ശതമാനനിരക്കിൽ)</td></tr>
<tr><td>1</td><td>ICDS General</td><td>90.10</td></tr>
<tr><td>2</td><td>ICDS Training</td><td>90.10</td></tr>
<tr><td rowspan="3">3</td><td>SABALA</td><td rowspan="2">50.50</td></tr>
<tr><td>a) Nutrition</td></tr>
<tr><td>b) Non Nutrition</td><td>100</td></tr>
</table>
</td></tr>
</table>

| | | |
|---|---|---|
| 4 | SNP | 50.50 |
| 5 | IGMSY | 100 |
| 6 | KSY | 100 |

2. **<u>കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് :</u>** കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡുവഴി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു

1. <u>രാജീവ് ഗാന്ധി ദേശീയ ക്രഷ് സ്കീം</u> :- മാറിവന്ന സാമൂഹിക സാമ്പത്തിക വ്യവസ്ഥിതിയിൽ ജോലിക്കുപോകുന്നതും അല്ലാത്തതുമായ അമ്മമാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളെ സുരക്ഷിതവും ആരോഗ്യപരവുമായ ചുറ്റുപാടിൽ പകൽ സമയം സംരക്ഷിക്കുന്നതിനായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2014-15 വർഷത്തിൽ 511 ക്രഷുകൾക്ക് 2,16,58,224/- രൂപയാണ് കേന്ദ്ര വിഹിതം.

2. <u>ഫാമിലി കൗൺസിലിംഗ് സെന്ററുകൾ</u> : മാറിവന്ന സാമൂഹിക സാമ്പത്തിക പരിസ്ഥിതികളിൽ കുടുംബപ്രശ്നങ്ങളുടെ തോത് ദിനംപ്രതി വർദ്ധിച്ചുവരുകയാണ്. ഇതിന് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. 2014-15 വർഷത്തിൽ 41 സെന്ററുകൾക്ക് 79,38,000/- രൂപയാണ് കേന്ദ്ര വിഹിതം.

3. **<u>കേരള സംസ്ഥാന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്)</u>**

ശ്രവണ വൈകല്യമുള്ളവർക്ക് ശ്രവണസഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ ADIP സ്കീം പ്രകാരം ശ്രവണസഹായി വിതരണം ചെയ്യുന്നതിന് 2014-15-ൽ 50 ലക്ഷം രൂപ നിഷിനു ലഭിച്ചിട്ടുണ്ട്.

4. **<u>കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ</u>**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ശ്രുതിതരംഗം പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷം 5 കോടി

| | | | |
|---|---|---|---|
| | | | രൂപയും 2014-15 വർഷത്തിൽ സ്നേഹപൂർവ്വം പദ്ധതിക്ക് 2 കോടി രൂപയും സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സെൻസസിന് 3.11 കോടി രൂപയും ഒറ്റത്തവണ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.<br>5.**<u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>**<br>കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതിയായ സഹായോപകരണ വിതരണ പദ്ധതി (ADIP), നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം 90 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.<br>6. **<u>കേരള സംസ്ഥാന ശിശുക്ഷേമ സമിതി</u>**<br>കേന്ദ്ര സഹായത്തോടെ (Indian Council for Child Welfare) രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീം മുഖേന കേരള സംസ്ഥാന ശിശുക്ഷേമ സമിതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതിയാണ് ശിശു പരിപാലന കേന്ദ്രം (Crech). കേരളത്തിലെ പതിനാല് ജില്ലകളിലായി 260 ക്രഷുകൾ പ്രവർത്തിക്കുന്നു. ഒരു ക്രഷിൽ ഒരു ബാലസേവികയും ഒരു ആയയുമാണ് ജോലി ചെയ്യുന്നത്. ഒരു ബാലസേവികയ്ക്ക് പ്രതിമാസം 1200 രൂപയും ഒരു ആയയ്ക്ക് 800 രൂപയും ഒരു കുട്ടിയ്ക്ക് പൂരകഭക്ഷണത്തിനായി പ്രതിദിനം 2.08 പൈസയും മാത്രമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. ഇതു കൂടാതെ ദത്തെടുക്കൽ കേന്ദ്രത്തിൽ കേന്ദ്ര സഹായമായി ശിശുഗൃഹ പ്രോജക്ട് പ്രകാരം ശരാശരി 12 ലക്ഷം രൂപ ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ